G4/28079/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 30.08.2021

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - കോവിഡ് - 19 ൻറെ പശ്ചാത്തലത്തിൽ 2021-22 അക്കാദമിക വർഷം കേരളത്തിലെ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ സീറ്റ് വർദ്ധനവ് - നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കി സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന :- 1. ഉന്നത വിദ്യാഭ്യാസ (ബി ) വകുപ്പ് ഉത്തരവ് സ.ഉ (സാ.ധാ) നം. 1011/2021/ഉ.വി.വ തീയതി 05-08-2021.

*********

സംസ്ഥാനത്ത് നിലനിൽക്കുന്ന കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ മുഴുവൻ ആർട്സ് & സയൻസ് കോളേജുകളിലും 2020- 21 അക്കാദമിക വർഷം ബിരുദ-ബിരുദാനന്തരബിരുദ കോഴ്സുകളുടെ അനുവദനീയമായ സീറ്റുകളിലേക്ക് വർദ്ധനവിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഈ സാഹചര്യത്തിൽ ഈ വകുപ്പിൻറെ നിയന്ത്രണത്തിൽ വരുന്നതും വിവിധ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ എല്ലാ ആർട്സ് & സയൻസ് കോളേജുകളും,നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ബിരുദ-ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് സീറ്റ് വർധനവ് നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

കോളേജിൻറെ നിലവിലെ ഭൗതിക സാഹചര്യങ്ങളുടേയും മറ്റ് സൗകര്യങ്ങളുടേയും അടിസ്ഥാനത്തിലായിരിക്കണം ഓരോ കോളേജുകളും അതാത് കോഴ്സുകളിലേയ്ക്ക് ആവശ്യമായ സീറ്റ് വർധനവ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കേണ്ടത്.

പ്രൊപ്പോസൽ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റ് എന്ന പരിധിയ്ക്ക് വിധേയമായി വർദ്ധനവ് നടത്താവുന്നതാണ്.
2. സയൻസ് വിഷയങ്ങൾക്ക് 25 സീറ്റ് എന്ന പരിധിയ്ക്കും, ആർട്സ് & കോമേഴ്സ് വിഷയങ്ങൾക്ക് 30 സീറ്റ് എന്ന പരിധിയ്ക്കും വിധേയമായി ആയിരിക്കണം ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പ്രൊപ്പോസൽ തയ്യാറേക്കേണ്ടത്.
3. കോളേജുകളുടെ ഭൗതിക സാഹചര്യങ്ങളുടേയും മറ്റ് സൗകര്യങ്ങളുടേയും അടിസ്ഥാനത്തിൽ കോളേജ് കൗൺസിൽ തീരുമാനപ്രകാരമായിരിക്കണം പ്രൊപ്പോസൽ തയ്യാറേക്കണ്ടത്.
4. ഓരോ കോളേജുകളുടേയും സീറ്റ് വർദ്ധനവ് ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി ബന്ധപ്പെട്ട സർവ്വകലാശാലാ രജിസ്ട്രാർക്ക് നേരിട്ട് നൽകേണ്ടതാണ്.
5. സർവ്വകലാശാലകൾക്ക് നൽകുന്ന പ്രൊപ്പോസലിൻറെ ഒരു പകർപ്പ് ഈ ഓഫീസിലേയ്ക്കും ലഭ്യമാക്കേണ്ടതാണ്. (എയ്ഡഡ് കോളേജുകൾ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് വഴി)

2021-22 അക്കാദമിക വർഷം തന്നെ സീറ്റ് വർദ്ധനവ് നടപ്പാക്കേണ്ടതിനാൽ ടി വിഷയത്തിൽ പ്രിൻസിപ്പൽമാർ വ്യക്തിഗത ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് കൂടി അറിയിക്കുന്നു.

Approval Valid

Digitally Approved By
വിഘ്നേശ്വരി വി ഐ.എ.എസ്സ്
Date: 30.08.2021
Reason: Approved

*ഒപ്പ്/-*
**വിഘ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ മേഖലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എയ്ഡഡ് കോളേജുകളെ അറിയിക്കുന്നതിന്)
2. എല്ലാ ഗവ. ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പൽമാർക്കും